സംസ്ഥാനത്ത് രജിസ്റ്റർചെയ്യപ്പെട്ട ക്രൈം കേസുകൾ

49 [50] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം കേസുകൾ എത്ര;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങളും സംഘർഷങ്ങളും നടന്നുവെന്നും എത്രപേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പോലീസ് വെടിവെപ്പുകളും ലാത്തിചാർജ്ജുകളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ മരിച്ചവരും പരിക്കേറ്റവരും എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടാ-മാഫിയ ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നും എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ ക്രമസമാധാനം

50 [51] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മോഷണങ്ങൾ പെരുകുകയും പോലീസ് സ്റ്റേഷനുകൾ കൈക്കൂലിക്കാരുടെ കേന്ദ്രമായി മാറുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രമസമാധാന പാലനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ലോക്സഭാ തെരഞ്ഞെടുപ്പ് ദിവസം മയ്യനാട് വാഴപ്പള്ളി സ്കൂൾ മാനേജരും പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ശ്രീ. ഹാഷിമിനെ ക്രൂരമായി മർദ്ദിച്ച് അവശനാക്കിയ ചാത്തന്നൂർ സി.ഐ.-യുടെ പേരിൽ നടപടി കൈക്കൊള്ളാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കല്ലുവാതുക്കലെ ഒരു പൊതുപ്രവർത്തകനും വർക്ക്ഷോപ്പ് ഉടമയുമായ ശ്രീ. രാജപ്പൻ കുറുപ്പിനെ അകാരണമായി മർദ്ദിച്ച് അവശനാക്കിയ പരവൂർ സി.ഐ.-യുടെ പേരിൽ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ക്രമസമാധാന പാലനം കാര്യക്ഷമമാക്കുന്നതിനായി ഊർജ്ജിതമായ പട്രോളിംഗും കർശന വാഹന പരിശോധനയും രാത്രികാല പട്രോളിംഗ് ശക്തമാക്കിയുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) അന്വേഷിക്കുന്നതാണ്.

(ഡി) അന്വേഷിക്കുന്നതാണ്.

മാധ്യമ പ്രവർത്തകർക്കുനേരെയുള്ള അക്രമ സംഭവങ്ങൾ

51 [52]. ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് മാധ്യമ പ്രവർത്തകർക്ക് നേരെ എത്ര അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പോലീസുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ച് പോലീസുകാർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഇത് സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 23 അക്രമ സംഭവങ്ങൾ നടന്നിട്ടുണ്ട്.

(ബി) 4 സംഭവങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly